# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4144 27/06/2012 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ.റ്റി. യു. കുരുവിള | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുവാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്തെ മിടുക്കരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിനായുള്ള കോച്ചിംഗ് നൽകുന്നതിന് വിഷൻ - 2013 എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യത്തിനായി സൈക്കിൾ നൽകുന്ന വിദ്യായാത്ര എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) സംസ്ഥാനത്തെ എം.ബി.ബി.എസ്./ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ